## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3979 15.03.2017- ൽ മറുപടിയ്ക്ക്

## നവകേരളീയം കുടിശ്ശിക നിവാരണം 2017

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**
**"ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.എൽദോ എബ്രഹാം**

സഹകരണസ്ഥാപനങ്ങളിൽ നവകേരളീയം കുടിശ്ശിക നിവാരണം 2017 എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരമുള്ള വായ്പ തീർപ്പാക്കൽ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

നവകേരളീയം കുടിശ്ശിക നിവാരണം 2017 പ്രകാരം വായ്പ തീർപ്പാക്കുമ്പോൾ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശനിരക്കോ ഏതാണോ കുറവ് ആയതു പ്രകാരമുള്ള പലിശയും ഈടാക്കി ബാദ്ധ്യത അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനെക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് വർഷങ്ങളായി തിരിച്ചടയ്ക്കാൻ കഴിയാത്ത വലിയ തുക ബാധ്യത വന്നിട്ടുള്ളവർക്ക് ഈ പദ്ധതി മൂലം വളരെ വലിയ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്. പിഴപലിശ, നോട്ടീസ് ചാർജ്, മറ്റു ചെലവുകൾ എന്നിവയും വായ്പകളെ അടിസ്ഥാനമാക്കി ഒഴിവാക്കി കൊടുക്കുന്നതാണ്. വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വായ്പതുക ഈ പദ്ധതി കാലാവധിയ്ക്കുള്ളിൽ ക്രമമായി അടച്ചു തീർക്കുന്നവർക്ക് ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശ തുകയുടെ 10 ശതമാനം തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**